## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *340 25.06.2013 ൽ മറുപടിക്ക്

# നേമത്തും കോട്ടയത്തും റയിൽവേ കോച്ച് ടെർമിനലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഹംസ:<br>,, കോടിയേരി ബാലകൃഷ്ണൻ:<br>,, വി.ശിവൻകുട്ടി:<br>ശ്രീമതി കെ.എസ്.സലീഖ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്ത് അനുവദിച്ച കോച്ച് ടെർമിനലുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | റെയിൽവേ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് നേമത്തും കോട്ടയത്തും കോച്ചിംഗ് ടെർമിനലുകൾ സ്ഥാപിക്കുന്നതിനായി Reconnaissance cum Traffic സർവ്വേ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ നടത്താനുള്ള ഏജൻസിയെ നിശ്ചയിക്കാനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | നേമത്തും കോട്ടയത്തും ഇതിനായി എത്ര ഏക്കർ ഭൂമി വീതമാണ് കണ്ടെത്തിയിരുന്നതെന്നും പ്രസ്തുത രണ്ട് ടെർമിനലുകളും എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്നും വ്യക്തമാക്കുമോ; | (ബി) | ടി സർവ്വേ റിപ്പോർട്ട് ലഭിച്ച ശേഷമേ ഭൂമി എത്ര വേണമെന്നും എന്നത്തേക്ക് ടെർമിനലുകളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും കണക്കാക്കാനാകൂ. |

| | | | |
|---|---|---|---|
| (സി) | നേമത്ത് അനുവദിച്ച ടെർമിനൽ കന്യാകുമാരിയിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും നിർദ്ദേശം റെയിൽവേയുടെ ഭാഗത്തുനിന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും (ഇ) യും (എഫ്) ഉം (ജി) ഉം | ഇല്ല. അത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല |
| (ഡി) | ഇപ്രകാരം നിർദ്ദേശം ഉയർന്നുവന്നത് ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നോ ; | | |
| (ഇ) | എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | | |
| (എഫ്) | നേമത്ത് അനുവദിച്ച ടെർമിനൽ കന്യാകുമാരിയിലേക്ക് മാറ്റുന്നത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | | |
| (ജി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ